# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2982 | 18.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നിയമം ഇൻഡ്യയിൽ നടപ്പിലാക്കപ്പെട്ടുമ്പോൾ നികുതി പിരിവിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് പുതിയതായി നടപ്പിലാക്കേണ്ടത് എന്ന് വിശദീകരിക്കുമോ; | (എ) | ജി.എസ്.ടി നിയമം നടപ്പാക്കുന്നതിന്റെ പ്രാരംഭമായി മാതൃകാ ജി.എസ്.ടി നിയമം തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടിയെക്കുറിച്ചുള്ള പരിശീലനം നികുതി വകുപ്പ് ഉദ്യോഗസ്ഥർക്കായി നൽകി വരുന്നു. ആയതിന്റെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. ഡിസംബർ അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ നികുതി നിർണ്ണയാധികാരികൾക്കും പരിശീലനം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.<br>രണ്ടാമതായി കേരളം ജി.എസ്.ടി നെറ്റ് വർക്കിന്റെ Back end module സ്വന്തമായി വികസിപ്പിച്ചെടുക്കുന്ന Model-1 സംസ്ഥാനങ്ങളുടെ പട്ടികയിലാണുള്ളത്. ഇതിനാവശ്യമായ ഐ.ടി.വിദഗ്ധരെ തെരഞ്ഞെടുക്കുന്ന നടപടികളും ഇതിന്റെ നടത്തിപ്പിനാവശ്യമായ നടപടികളും അതിവേഗം പുരോഗമിച്ചുവരികയാണ്.<br>ഇതിനുപുറമെ ജി.എസ്.ടി നിയമം അന്തിമരൂപത്തിലായശേഷം വ്യാപാരികൾക്കും ടാക്സ് പ്രാക്ടീഷണർമാർക്കും ബോധവൽക്കരണവും പരിശീലനവും നൽകാനും ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് നടപ്പിലാക്കുമ്പോൾ സാധനങ്ങളുടെയും സേവനങ്ങളുടെയും വില വർദ്ധിക്കുവാൻ സാദ്ധ്യതയുണ്ടോ; വിശദീകരിക്കുമോ; | (ബി) | ജി.എസ്.ടി നടപ്പിലാക്കുമ്പോൾ നിലവിൽ കേന്ദ്രവും സംസ്ഥാനങ്ങളും ചുമത്തുന്ന വിവിധ നികുതികൾ ഏകീകരിക്കപ്പെടും. ജി.എസ്.ടി നികുതി നിരക്കുകളെകുറിച്ചുള്ള ചർച്ച ജി.എസ്.ടി കൗൺസിലിൽ പുരോഗമിച്ചു വരുന്നതേയുള്ളൂ. എങ്കിലും സാധനങ്ങളുടേയും സേവനങ്ങളുടേയും വില വർദ്ധിക്കാൻ സാധ്യതയില്ലെന്നാണ് അനുമാനിക്കുന്നത്. |
| (സി) | നികുതി സമ്പ്രദായത്തിലുണ്ടാകുന്ന മാറ്റം സംസ്ഥാനത്ത് വില വർദ്ധനവുണ്ടാക്കാൻ സാദ്ധ്യതയുണ്ടോ; വിശദീകരിക്കുമോ; | (സി) | ജി.എസ്.ടി നികുതി നിരക്കുകളിന്മേൽ അന്തിമ തീരുമാനം ഇതുവരെയുണ്ടായിട്ടില്ല. കേന്ദ്രവും സംസ്ഥാവും ചുമത്തിവരുന്ന വിവിധ നികുതികൾക്കു പകരമായാണ് ജി.എസ്.ടി ചുമത്തപ്പെടുന്നത്. ഇത് സംസ്ഥാനത്ത് വില വർദ്ധനവ് ഉണ്ടാക്കാനിടയില്ല എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. |
| (ഡി) | വിലവർദ്ധനവ് നിയന്ത്രിക്കുവാൻ ഗവൺമെന്റ് തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി നികുതി നിരക്കുകളിന്മേൽ തീരുമാനമായശേഷം മാത്രമേ ഇക്കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |

Lathesh

**സെക്ഷൻ ഓഫീസർ**